# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1195 | 04.02.2019 ൽ മറുപടിക്ക്

## ഇടപ്പള്ളി റെയിൽവേ സ്റ്റേഷനിൽ മേൽപ്പാലം

**ചോദ്യം**

ശ്രീ.പി.ടി. തോമസ്

**മറുപടി**

ശ്രീ.ജി.സുധാകരൻ
(പൊതുമരാമത്തും രജിസ്ട്രേഷനും
വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി |
|---|---|---|
| (എ) എറണാകുളം ജില്ലയിലെ ഇടപ്പള്ളി റെയിൽവേ സ്റ്റേഷനിൽ നിന്ന് അമൃത ഹോസ്പിറ്റലിലേക്ക് പോകുന്ന യാത്രക്കാരുടെ എണ്ണം വർദ്ധിച്ചതുമൂലം റോഡ് ക്രോസിംഗിന് ബുദ്ധിമുട്ട് നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?<br><br>(ബി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് ഒരു മേൽപ്പാലം പണിയുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (എ) & (ബി) | ഉണ്ട്. എറണാകുളം ജില്ലയിൽ ഇടപ്പള്ളി അമൃത ആശുപത്രിയ്ക്കടുത്ത് മേൽപ്പാലം പണിയുന്നതിന് 17.05.2011 ലെ G.O(Rt) No.713/2011/PWD പ്രകാരം ഭരണാനുമതി നൽകുകയും പ്രസ്തുത പ്രവൃത്തി ആർ.ബി.ഡി.സി.കെ-യെ ഏൽപ്പിക്കുകയും ചെയ്തു. നിലവിൽ ലെവൽ ക്രോസ് ഇല്ലാത്ത സ്ഥലമായതിനാൽ പാലത്തിന്റെ മുഴുവൻ നിർമ്മാണചിലവും സംസ്ഥാന സർക്കാർ തന്നെ വഹിയ്ക്കേണ്ടതാണ്. ഇതിനായി ഭൂമി ഏറ്റെടുക്കലും റെയിൽവേ ഭാഗം ഉൾപ്പെടെയുള്ള നിർമ്മാണ ചിലവും കൂടി 35.79 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതിയ്ക്കായി ലഭിച്ച പ്രൊപ്പോസൽ പരിശോധിക്കുകയും സർക്കാരിന് ഭീമമായ സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതിനാലും, 500 മീറ്റർ ദൂരത്തിനുള്ളിൽ മറ്റൊരു ആർ.ഒ.ബി നിലവിലുള്ളതിനാലും, ഈ പദ്ധതി നടപ്പാക്കുന്നത് തൽക്കാലം മാറ്റി വയ്ക്കുകയുണ്ടായി. |

S. Bindu

സെക്ഷൻ ഓഫീസർ